## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3518 — 17.12.2015-ന് മറുപടി നൽകേണ്ടത്

### <u>സർക്കാർ ജീവനക്കാരുടെ ഡപ്യൂട്ടേഷൻ</u>

**ചോദ്യം** — **ഉത്തരം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റിൽ നിന്നും വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ : | (എ) യും (ബി) യും | വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലുമായി പൊതു ഭരണ സെക്രട്ടറിയേറ്റിൽ നിന്നും 480 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ ഓരോരുത്തരും വിവിധ കാലയളവുകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.<br>അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഇവർ ഓരോരുത്തരും എത്ര കാലമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് വിശദമാക്കുമോ : | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരുടെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്തുവെന്നും എത്ര പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ : | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ സെക്രട്ടറിയേറ്റിൽ 607 പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും 8 പേരുടെ ഡെപ്യൂട്ടേഷൻ റദ്ദു ചെയ്യുകയും ചെയ്തിട്ടുമുണ്ട്.<br>അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാരുടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ